**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 707** **09-06-2021 - ൽ മറുപടിയ്ക്ക്**

**ചെല്ലാനത്തെ തീരസംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. ടി. ജെ. വിനോദ്, ശ്രീ. റോജി എം. ജോൺ , ശ്രീ. അൻവർ സാദത്ത് | | Shri Saji Cherian (മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തീവ്ര കടൽക്ഷോഭം മൂലം ചെല്ലാനം നിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ചെല്ലാനത്ത് കടൽക്ഷോഭവും തീരശോഷണവും ഉണ്ടായപ്പോൾ അവർക്ക് എന്തെല്ലാം ഉറപ്പുകളാണ് നൽകിയതെന്ന് വെളിപ്പെടുത്താമോ; അതിൽ ഏതെല്ലാം ഉറപ്പുകൾ പ്രാവർത്തികമാക്കിയെന്ന് അറിയിക്കാമോ; | (ബി) | കടൽക്ഷോഭവും തീരശോഷണവും തടയുന്നതു സംബന്ധിച്ച് ഈ വകുപ്പ് മുഖേന ഉറപ്പുകളൊന്നും നൽകിയിട്ടില്ല. |
| (സി) | ചെല്ലാനത്തെ തീരസംരക്ഷണത്തിനായി പ്രത്യേക പാക്കേജ് ഈ സർക്കാർ വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഉണ്ട്. 1. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25.05.2021-ന് 6 മന്ത്രിമാർ പങ്കെടുത്ത് ചെല്ലാനത്തെ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട ചർച്ച നടത്തി. 2. ഫിഷറീസ്. ജലസേചനം, ഗതാഗതം, വ്യവസായം മന്ത്രിമാർ പങ്കെടുത്ത് പ്രത്യേകം ചർച്ച നടത്തുകയും വ്യവസായ, ഫിഷറീസ് മന്ത്രിമാർ 27.05.2021-ന് ചെല്ലാനം സന്ദർശിക്കുകയും കളക്ടറുടെ സാന്നിദ്ധ്യത്തിൽ പ്രത്യേക യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടു. a) ചെല്ലാനത്ത് 8 കോടി രൂപ ചെലവിൽ നിർമ്മാണം നടന്നുവരുന്ന ജിയോ ട്യൂബ് പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. b) കടൽഭിത്തി നിർമ്മാണത്തിന് നിലവിൽ ടെണ്ടർ ചെയ്ത 16 കോടി രൂപയുടെ പദ്ധതി പല കാരണങ്ങളാൽ നടപ്പാക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടായിരുന്നു. പ്രസ്തുത പദ്ധതി ഒഴിവാക്കി ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്ന തിനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു മാസത്തിനകം ടെണ്ടർ നടപടി സ്വീകരിക്കുവാൻ ജലസേചന വകുപ്പിനെ ചുമതലപ്പെടുത്തി. c) വിജയം കനാൽ, മുപ്പട്ടക്കാട് തോട് എന്നിവയിലെ മണൽ മാറ്റി നവീകരിക്കുവാൻ |

| | | | |
|---|---|---|---|
| | | | 35 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയത് പൂർത്തീകരിക്കുവാൻ അധികമായി ആവശ്യമായ 245 ലക്ഷം രൂപയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനും തീരുമാനിച്ചു. d) ചെല്ലാനത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് രണ്ട് കോടി രൂപ ചെലവഴിച്ച് അടിയന്തിരമായി കടലാക്രമണം തടയുന്നതിന് ഇടപെടൽ നടത്താൻ തീരുമാനിച്ചു. e) ചെല്ലാനം മത്സ്യഗ്രാമം 'മാതൃകാ പദ്ധതി’ ഏറ്റെടുക്കുവാൻ തീരുമാനിച്ചു. അതിനായി ഫിഷറീസ് യൂണിവേഴ്സിറ്റിയെ (KUFOS) ചുമതലപ്പെടുത്തി. കുഫോസ് വിശദമായ സെമിനാർ സംഘടിപ്പിക്കുകയും ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാനും തീരുമാനിച്ചു. ഈ പ്രവർത്തനങ്ങൾ ആകെ മേൽനോട്ടം വഹിക്കുന്നതിന് ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു ഗവേണിംഗ് കമ്മിറ്റിയും രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ